# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 56/2021 (വെള്ളിയാഴ്ച)** **തീയ്യതി: 16.07.2021**

### അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 17.07.2021 | 18.07.2021 | 19.07.2021 | 20.07.2021 | 21.07.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 20 | 40 | 40 | 20 | 20 |
| ഉയർന്ന താപനില (°C) | 26 | 25 | 29 | 30 | 30 |
| കുറഞ്ഞ താപനില (°C) | 23 | 22 | 23 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 84 | 84 | 84 | 84 | 84 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 10 | 12 | 14 | 16 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 8 |
| ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ മിതമായ മഴയ്ക്ക് സാധ്യത . കൂടിയ താപനില 30°C വരെയും കുറഞ്ഞ താപനില 22°C വരെയും പ്രതീക്ഷിക്കുന്നു | | | | | |

**പൊതു നിർദ്ദേശങ്ങൾ**:വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ചാലുകൾ കീറി നീർവാർച്ച സൗകര്യങ്ങൾ ഒരുക്കുക .താങ്ങ് നൽകേണ്ട വിളകൾക്ക് ആവശ്യമായ താങ്ങുകൾ നൽകുക .മഴ മറകളിലും പോളിഹൗസുകളിലുമുള്ള അമിത ജലാംശം രോഗ സാധ്യത കൂട്ടുന്നതിനാൽ നിയന്ത്രിതമായ അളവിൽ നന തുടരുന്നതാണ് ഉചിതം.

### കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| കുരുമുളക് | ദ്രുതവാട്ടം | കുരുമുളകിൽ ദ്രുതവാട്ടരോഗത്തിനുള്ള സാധ്യതയുള്ളതിനാൽ ചാണകവും വേപ്പിൻ പിണ്ണാക്കും ഇളക്കി ചേർത്ത് ട്രൈക്കോഡെർമ വളർത്തിയെടുത്ത മിശ്രിതം ഒരു മൂടിന് 5 കി. ഗ്രാം എന്ന തോതിൽ ഇട്ടുകൊടുക്കുക.ഇതിനായി 1-2 കിലോഗ്രാം ട്രൈക്കോഡെർമ, 90 കിലോഗ്രാം ചാണകപ്പൊടി, 10 കിലോഗ്രാം വേപ്പിൻ പിണ്ണാക്ക് ഇവയുമായി കൂട്ടിക്കലർത്തി വെള്ളം തളിച്ച് ഇളക്കി തണലുള്ള സ്ഥലത്തു ചെറു കൂനയാക്കി പോളിത്തീൻ ഷീറ്റ് ഉപയോഗിച്ച് മൂടിയിടുക. ഒരാഴ്ചക്ക് ശേഷം ഈ മിശ്രിതം വീണ്ടും ഇളക്കി ആവശ്യത്തിന് വെള്ളം തളിച്ച് കൂനയാക്കി ഒരാഴ്ച കൂടി മൂടിയിടുക. ഇപ്രകാരം തയ്യാറാക്കിയ ട്രൈക്കോഡെർമ വിറിഡെ മിശ്രിതം |

| | | |
|---|---|---|
| | | ഉപയോഗിക്കാവുന്നതാണ്. |
| ഇഞ്ചി | മൂട് ചീയൽ രോഗം | ഇഞ്ചിയിൽ മൂട് ചീയൽ രോഗം ശ്രദ്ധയിൽ പ്പെട്ടാൽ 3 ഗ്രാം കോപ്പർഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ചുവട്ടിൽ ഒഴിച്ച് കൊടുക്കുക. |
| കന്നുകാലി | | കാലിത്തൊഴുത്തിലെയും പരിസരത്തെയും പൂപ്പൽബാധ തറ വഴുതുന്നതിനും മനുഷ്യർക്കും പശുവിനും തെന്നിവീഴുന്നതിനും കാരണമായേക്കാം .കുമ്മായം അല്ലെങ്കിൽ ബ്ലീച്ചിങ് പൗഡർ എന്നിവ ഉപയോഗിച്ച് തറയിലെ പൂപ്പൽ ബാധ ഒഴിവാക്കുന്നതാണ് . |
| കോഴി | | മഴയേൽക്കാതിരിക്കാൻ പ്ലാസ്റ്റിക് കവറുകൊണ്ട് ബ്രോയിലർ ഫാമുകൾ അടച്ചുവച്ചിട്ടുണ്ടെങ്കിൽ ,കൃത്യമായ വായു സഞ്ചാരം ഉണ്ടാകാൻ അത് ഇടയ്ക്കിടയ്ക്ക് മാറ്റുകയോ അല്ലെങ്കിൽ എക്സ്ഹോസ്റ്റ് ഫാനുകൾ  വച്ചുകൊടുക്കുകയോ ചെയ്യണം .അല്ലെങ്കിൽ പലതരം രോഗങ്ങൾ പിടിപെടാനും ഇതുമൂലം മരണത്തിനും കാരണമാവും. |